കേരള സർക്കാർ

പൊതുമരാമത്തും രജിസ്ട്രേഷനും
വകുപ്പുമന്ത്രിയുടെ ഓഫീസ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
ഫോൺ-ഓഫീസ് : 0471-2333487
ഫാക്സ് : 0471-2333460

***പ്രസിദ്ധീകരണത്തിന്***

തീയതി 19.01.2021

# ആലപ്പുഴ ബൈപാസ് അവസാനവട്ട പരിശോധനയ്ക്കായി ചീഫ് എഞ്ചിനീയർമാരുടെ സമിതി രൂപീകരിച്ചു : മന്ത്രി ജി. സുധാകരൻ

നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച ആലപ്പുഴ ബൈപ്പാസ് ഗതാഗതത്തിനായി തുറന്നു നൽകുന്നതിന് മുമ്പ് നടത്തേണ്ട അവസാനവട്ട പരിശോധനയ്ക്കായി പൊതുമരാമത്ത് ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയർ, പാലം വിഭാഗം ചീഫ് എഞ്ചിനീയർ, നിരത്തു വിഭാഗം ചീഫ് എഞ്ചിനീയർ എന്നിവരെ ഉൾപ്പെടുത്തി സമിതി രൂപീകരിച്ചതായി മന്ത്രി ജി. സുധാകരൻ അറിയിച്ചു.

ചീഫ് എഞ്ചിനീയർമാരുടെ നേതൃത്വത്തിലുള്ള സമിതി നാളെ (20-01-2021) ബൈപ്പാസ് സന്ദർശിച്ച് ആവശ്യമായ പരിശോധനകൾ നടത്തിയ ശേഷം നൽകുന്ന റിപ്പോർട്ടിന്റ അടിസ്ഥാനത്തിലാകും ബൈപ്പാസ് ഗതാഗതത്തിനായി തുറന്നു നൽകുന്നത് സംബന്ധിച്ച് തീരുമാനിക്കുകയെന്നും മന്ത്രി കൂട്ടിച്ചേർത്തു. ഇതോടൊപ്പം മോർത്ത് നിയോഗിച്ചിട്ടുള്ള ചെന്നൈ ഐഐടി യിൽ നിന്നും എത്തിച്ചേർന്നിട്ടുള്ള വിദഗ്ധർ അടങ്ങുന്ന സംഘം ഭാരപരിശോധന നടത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യും. ഈ പ്രക്രിയകൾ പൂർത്തിയാക്കിയാൽ ഉടൻ ബൈപ്പാസ് ജനങ്ങൾക്കായി തുറന്നു നൽകാൻ കഴിയുമെന്ന് മന്ത്രി ജി. സുധാകരൻ അറിയിച്ചു.